**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2250**

**18.07.2016-ൽ മറുപടിയ്ക്ക്**

## ചെലവ് കുറഞ്ഞ വീട് നിർമ്മാണത്തിന് പ്രീ ഫാബ് സാങ്കേതികവിദ്യ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.എം.രാജഗോപാലൻ<br>ശ്രീ.യു.ആർ.പ്രദീപ് | റവന്യൂവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
| എ) സംസ്ഥാനത്ത് ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുക എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് പ്രീ ഫാബ് സാങ്കേതിക വിദ്യ (Pre fab technology) ജനകീയമാക്കുന്നതിന് ഉദ്ദേശിയ്ക്കുന്നുണ്ടോ ; | എ) ഉണ്ട്. |
| (ബി) ഡോ.ലാറി ബേക്കറുടെ കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യ അവലംബിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കുമെന്ന് വ്യക്തമാക്കുമോ ? | ബി) പ്രശസ്ത വാസ്തുശിൽപ്പി പത്മശ്രീ ലാറി ബേക്കർ അവലംബിച്ച ചെലവ് കുറഞ്ഞതും പ്രകൃതിയ്ക്ക് ഇണങ്ങിയതുമായ കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യ സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേന 1989 മുതൽ പ്രചരിപ്പിക്കുകയും പ്രാവർത്തികമാക്കിയിട്ടുള്ളതുമാണ്. ഇത് കൂടാതെ അദ്ദേഹത്തിന്റെ സ്മരണാർത്ഥം ചെലവ് കുറഞ്ഞ കെട്ടിട നിർമ്മാണ നൂതന സാങ്കേതിക വിദ്യകൾ വികസിപ്പിച്ച് എടുക്കുന്നതിനും, ഗവേഷണം നടത്തുന്നതിനുമായി സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ ലാറി ബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് |

(ലാബിഷ്യാസ്) എന്ന സ്ഥാപനം ആരംഭിച്ചിട്ടുണ്ട്. ഇതിനായി തിരുവല്ലം വാഴമുട്ടത്ത് 6.94 ഏക്കർ സ്ഥലം സർക്കാർ അനുവദിച്ച് നൽകിയിട്ടുള്ളതുമാണ്. ഈ സ്ഥാപനത്തിന്റെ കീഴിൽ സാങ്കേതിക വിദ്യാർത്ഥികൾക്കും മറ്റ് ഉദ്യോഗസ്ഥർക്കും വിവിധ പരിശീലന പരിപാടികൾ നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ